## IV ശ്രദ്ധ ക്ഷണിക്കൽ

### (1) എസ്.സി./എസ്.റ്റി. വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന വിവിധ വായ്പാ പദ്ധതികളുടെ വിപുലീകരണം

ശ്രീ. യു. ആർ. പ്രദീപ്: സർ, സംസ്ഥാനത്ത് 1972-ൽ സ്ഥാപിതമായ പട്ടികജാതി/പട്ടിക വർഗ വിഭാഗ വികസന കോർപ്പറേഷൻ ഇത്തരം വിഭാഗങ്ങളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ തുടങ്ങിയ ഒരു സ്ഥാപനമാണ്. നൂതനമായ പദ്ധതികളുണ്ടാക്കി ഇത്തരം വിഭാഗക്കാരെ സഹായിക്കാൻ വേണ്ടിയുള്ള ഒരു ഇടപെടലാണ് ഈ സ്ഥാപനം മുഖേന നടന്നുകൊണ്ടിരിക്കുന്നത്. ഈ സ്ഥാപനം 1972-ൽ തുടങ്ങിയപ്പോൾ ഉണ്ടാക്കിയ അതേ നിയമമാണ് നിലവിലും ഉള്ളത്. പുതിയ കാലഘട്ടത്തിന് അനുസരിച്ച് അതിൽ മാറ്റം വരുത്തി ഈ സ്ഥാപനത്തെ മുന്നോട്ട് കൊണ്ടുപോകാനുള്ള ഇടപെടൽ നടത്തേണ്ടതുണ്ട്. പട്ടികജാതി/പട്ടിക വർഗത്തിൽപ്പെടുന്നവർ സ്വർണ്ണ പണയ വായ്പ എടുക്കുന്നതിന് നാഷണലൈസ്ഡ് ബാങ്കുകളിൽ പോയാൽ ഏകദേശം 10 ശതമാനം പലിശയാണ് ഈടാക്കുന്നത്. അവരുടെ കൈയ്യിൽ ചെറിയ തോതിലുള്ള

സ്വർണ്ണം മാത്രമേ ഉണ്ടാകുകയുള്ളൂ. സ്വർണ്ണത്തിന്റെ തൂക്കം കുറവായാൽ പണയത്തിന് സ്വീകരിക്കാത്ത സ്ഥിതിയുമുണ്ട്. അവരെ സാമ്പത്തികമായി സഹായിക്കാൻ പട്ടികജാതി/പട്ടിക വർഗ വിഭാഗ വികസന കോർപ്പറേഷൻ പോലുള്ള സ്ഥാപനം 6 ശതമാനം പലിശയ്ക്ക് സ്വർണ്ണ പണയ വായ്പ തുടങ്ങിയാൽ അത് ഇത്തരം വിഭാഗങ്ങൾക്ക് വലിയ ആശ്വാസമായി മാറുന്നതാണ്. ആയതിനാൽ ഇത് സംബന്ധിച്ച് ഒരു പരിശോധന നടത്തേണ്ടതാണ്. ഐ.ടി.ഐ., പോളിടെക്നിക്, എഞ്ചിനീയറിങ് പഠിച്ചിറങ്ങുന്ന പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾ ധാരാളമായിട്ടുണ്ട്. അവർക്ക് ട്രെയിനിങ് സ്വകാര്യ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ നടത്തുന്നതായി അറിയാൻ സാധിച്ചു. അത് പട്ടികജാതി പട്ടിക/വർഗ വിഭാഗ വികസന കോർപ്പറേഷനെ ഏൽപ്പിച്ച് അവർ മുഖാന്തരം നടത്തി ഈ സ്ഥാപനത്തിന് ഒരു നല്ല മുന്നേറ്റമുണ്ടാക്കാൻ സാധിക്കും. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സ്ഥാപനമുണ്ട്. അതുകൊണ്ട് ഇതെല്ലാം ഉപയോഗപ്പെടുത്തികൊണ്ട് ഈ വിഭാഗം കുട്ടികളെ സഹായിക്കുന്നതിനുള്ള സംവിധാനം ചെയ്യാൻ സാധിക്കുന്ന രീതിയിൽ പരിശോധന നടത്തേണ്ടതുണ്ട്.

അതുപോലെ നേരത്തെ സൂചിപ്പിച്ചതുപോലെ കോർപ്പറേഷന്റെ കാലങ്ങൾക്ക് മുമ്പുള്ള ഇത്തരം നിയമങ്ങൾ കൈകാര്യം ചെയ്യുന്നതിന്റെ ഫലമായി ഒരുപാട് തടസ്സങ്ങളുണ്ട്. ആ തടസ്സങ്ങൾ പുതിയ കാലഘട്ടത്തിന് അനുസരിച്ച് നീക്കുകയും വേണം. ഇപ്പോൾ പട്ടികജാതി/പട്ടിക വർഗ വിഭാഗ വികസന കോർപ്പറേഷൻ കേന്ദ്ര ധനകാര്യ സ്ഥാപനത്തിൽ നിന്ന് വായ്പയെടുത്താണ് വായ്പ നൽകുന്നത്. പല സമയത്തും കേന്ദ്ര ഏജൻസികൾ സമയബന്ധിതമായി വായ്പ നൽകാത്തതിനാൽ വലിയ വിഷമവും ബുദ്ധിമുട്ടും നേരിടുന്നുണ്ട്. വായ്പയെടുക്കുന്ന തുക കൃത്യമായി തിരിച്ചടയ്ക്കുന്നതിന്റെ ഭാഗമായി എല്ലാ വർഷവും ഈ സ്ഥാപനത്തിന് അവാർഡ് ലഭിക്കുന്നുണ്ട്. അവാർഡ് അല്ല, സമയബന്ധിതമായി പണമാണ് നമുക്ക് വേണ്ടത്. ആ പണം നമ്മുടെ ഗവൺമെന്റ് വായ്പയായി നൽകാൻ സാധിച്ചെങ്കിൽ ആ സ്ഥാപനത്തിന് നല്ല സഹായമായി മാറും. അത് ഈ സ്ഥാപനത്തിന് പുതിയ ബ്രാഞ്ചുകൾ ആരംഭിക്കാൻ സാധിക്കും. അതുപോലെ തന്നെ മൊത്തം ജനസംഖ്യയിൽ 5 ശതമാനത്തിൽ താഴെയാണ് ഇതുവരെ വായ്പ നൽകാൻ സാധിച്ചത്. സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ പട്ടിക ജാതി/പട്ടിക വർഗ

വിഭാഗക്കാർക്ക് സേവനം ലഭ്യമാക്കാൻ ധാരാളം സ്ഥാപനങ്ങൾ താലൂക്ക് അടിസ്ഥാനത്തിൽ തുടങ്ങണം. അങ്ങനെ തുടങ്ങണമെങ്കിൽ സാമ്പത്തിക പ്രതിസന്ധിയുണ്ട്. അത് വായ്പയായി ആ സ്ഥാപനത്തിന് നൽകാൻ സാധിച്ചാൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന പട്ടിക ജാതി/പട്ടിക വർഗ വിഭാഗത്തിൽപ്പെടുന്നവർക്ക് വലിയ ഒരു ആശ്വാസമായി മാറും. അതിനുവേണ്ട ഇടപെടൽ നടത്തണമെന്ന് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കുകയാണ്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇത് ഇന്നത്തെ ചോദ്യോത്തര വേളയിൽ പ്രധാനമായും ചർച്ച ചെയ്ത വിഷയമാണ്. കേരളത്തിൽ പട്ടിക ജാതി/പട്ടിക വർഗ വിഭാഗത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനം ലക്ഷ്യമിട്ട് 1972-ൽ രൂപീകരിക്കപ്പെട്ട സ്ഥാപനമാണ് പട്ടിക ജാതി പട്ടിക വർഗ വികസന കോർപ്പറേഷൻ. വളരെ ചെറിയ രീതിയിൽ 4 ശാഖകളുമായാണ് പ്രവർത്തനം തുടങ്ങിയത്. ഇപ്പോൾ കേരളത്തിന്റെ 14 ജില്ലകളിലും ജില്ലാ ബ്രാഞ്ചുകളും

വണ്ടൂർ, ചേലക്കര എന്നിവിടങ്ങളിൽ ഉപജില്ലാ ആഫീസുകളും ഈ കോർപ്പറേഷനുണ്ട്. പട്ടിക ജാതി/പട്ടിക വർഗ വിഭാഗക്കാർക്ക് പ്രധാനമായും വരുമാനദായക ക്ഷേമ പദ്ധതികൾക്ക് കോർപ്പറേഷൻ വായ്പ നൽകി വരുന്നുണ്ട്. അദ്ദേഹം സൂചിപ്പിച്ചതുപോലെ മിതമായ പലിശനിരക്കിലാണ് ഇപ്പോൾ വായ്പ നൽകുന്നത്. 50,000 മുതൽ 50 ലക്ഷം രൂപ വരെ വായ്പ വിവിധ വരുമാനദായക ക്ഷേമ പദ്ധതികളിലൂടെ കോർപ്പറേഷൻ ലഭ്യമാക്കുന്നുണ്ട്. നാളിതുവരെ 218000 പേർക്ക് വിവിധ ആവശ്യങ്ങൾക്ക് വായ്പ നൽകാൻ കോർപ്പറേഷന് സാധിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ പണം നൽകുന്നത് പ്രയോഗികമല്ല. സംസ്ഥാനത്തിന്റെ ഗ്യാരന്റിയിലാണ് ഇത്തരത്തിലുള്ള വായ്പകൾ നൽകുന്നത്. 265 കോടി രൂപയായി ഗ്യാരന്റി ഉയർത്തിയിട്ടുണ്ട്. വായ്പ പദ്ധതികളെല്ലാം വിപുലപ്പെടുത്തുന്നതിന് അത് സഹായകരമായിരിക്കും. സർക്കാർ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നത് സർക്കാർ കാലാകാലം നിശ്ചയിക്കുന്ന വ്യക്തമായ മാനദണ്ഡ പ്രകാരമാണ്. അതോടൊപ്പം സ്വർണ്ണ പണയ വായ്പയെക്കുറിച്ച് അദ്ദേഹം പരാമർശിക്കുകയുണ്ടായി. നേരത്തെ ഉത്തരത്തിൽ പറഞ്ഞതാണ്. പ്രസ്തുത

പ്രൊപ്പോസൽ ഗവൺമെന്റിന്റെ പരിഗണനയിലാണ്. കൂടാതെ, തുടക്ക കാലഘട്ടത്തിൽ പ്രൊഫഷണലായി വരുന്ന ആളുകൾക്ക് അവരുടെ പ്രവർത്തനത്തിന് ആവശ്യമായ സഹായം എന്ന നിലയിൽ ഇപ്പോൾ 5 ലക്ഷം രൂപ വരെ വായ്പ നൽകുന്നുണ്ട്. സർക്കാരിന്റെ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് കേരള സംസ്ഥാന പട്ടികജാതി/പട്ടിക വർഗ വികസന കോർപ്പറേഷൻ അക്രഡിറ്റഡ് ഏജൻസി ആക്കുന്നതിന് മാനദണ്ഡ പ്രകാരം മാത്രമേ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. ചട്ടങ്ങളെ സംബന്ധിച്ചും നിയമത്തെ സംബന്ധിച്ചും അദ്ദേഹം പറഞ്ഞ കാര്യം മറുപടിയിൽ തന്നെ നേരത്തെ പരാമർശിച്ചിട്ടുള്ളതാണ്.

ശ്രീ. യു. ആർ. പ്രദീപ്: കാലങ്ങൾക്ക് മുമ്പുണ്ടായ സ്റ്റാഫ് സ്ട്രക്ച്ചർ തന്നെയാണ് 50 വർഷമായി സ്ഥാപനത്തിൽ തുടർന്നുകൊണ്ടിരിക്കുന്നത്. ഇതിൽ ഇടപെട്ട് മാറ്റം വരുത്തി പുതിയ കാലഘട്ടത്തിന് അനുസരിച്ച് സ്റ്റാഫ് സ്ട്രക്ച്ചർ ഉണ്ടാക്കി അവരെ സഹായിക്കാൻ സാധിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ഇതിന്റെ പുനഃസംഘടനയ്ക്കുവേണ്ടി ഐ.എം.ജി.-യുടെ പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ആ പഠന റിപ്പോർട്ടിനെ

അടിസ്ഥാനമാക്കി ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. ആ പഠന റിപ്പോർട്ടിൽ തന്നെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ചുള്ള കാര്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. അത് കൂടി പരിശോധിച്ചുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

(2) കൊച്ചി കായലോര പ്രദേശങ്ങളിലെ വേലിയേറ്റം തടയാൻ നടപടി

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന കൊച്ചി കോർപ്പറേഷൻ പ്രദേശങ്ങളായ ഇടക്കൊച്ചി, പള്ളുരുത്തി, കോണം എന്നീ സ്ഥലങ്ങളിലും കുമ്പളം പഞ്ചായത്തിലും വൈപ്പിൻ, എറണാകുളം, കൊച്ചി, പറവൂർ എന്നീ നിയോജകമണ്ഡലങ്ങളിലും നിരന്തരമായി വേലിയേറ്റം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. തീരദേശങ്ങളുള്ള എല്ലാ നിയോജകമണ്ഡലങ്ങളിലും ഇതേ പ്രശ്നം നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുകയാണെന്ന് പല എം.എൽ.എ.-മാരും പറയുകയുണ്ടായി. കാലാകാലങ്ങളായി കായലിൽ അടിഞ്ഞുകൂടിയിരിക്കുന്ന എക്കൽ നീക്കം ചെയ്യാത്തതിനാൽ കായലിന്റെ സംഭരണശേഷി കുറയുന്നതും

കാലാവസ്ഥാ വ്യതിയാനവും വേലിയേറ്റത്തിന് മുഖ്യകാരണമാകുന്നുണ്ട്. വേമ്പനാട് കായലിന്റെ carrying capacity 80 ശതമാനമായി കുറയുകയും 8 മീറ്റർ ആഴമുണ്ടായിരുന്ന ടി കായലിന് ഇപ്പോൾ 2 മീറ്റർ ആഴം മാത്രമേയുള്ളൂ. നാലായിരം ടൺ മാലിന്യങ്ങളാണ് കായലിൽ അടിഞ്ഞുകൂടിയിരിക്കുന്നത്. കായലിന്റെ സംഭരണശേഷി കുറഞ്ഞതും ഒരു പ്രധാനപ്പെട്ട കാര്യമാണ്. സാധാരണഗതിയിൽ ഫെബ്രുവരി മാസം അവസാനിക്കാറുള്ള വേലിയേറ്റം ഇപ്പോഴും തുടർന്നുകൊണ്ടേയിരിക്കുകയാണ്. ഈ പ്രദേശങ്ങളിൽ കായലിന് സംരക്ഷണഭിത്തിയില്ലാത്തതും ഒരു പ്രധാന പ്രശ്നമാണ്. വീടുകളിൽ വെള്ളം കയറുന്നതുമൂലം അവിടെയുള്ള ആളുകൾക്ക് ജീവിക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. ഓരുവെള്ളം കയറി സെപ്റ്റിക് ടാങ്കുകൾ നിറയുകയും അത് കുടിവെള്ളവുമായി കലരുകയും ചെയ്യുന്നതിനാൽ അവർക്ക് കുടിവെള്ളം പോലും ലഭ്യമാകുന്നില്ല. കുടിവെള്ള പൈപ്പുകളിലും ഈ മാലിന്യം കയറുന്നതുകൊണ്ട് തീരദേശവാസികൾക്ക് കുടിവെള്ളം ലഭിക്കുന്നില്ല. വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ അനവധി ദിവസം പണിപ്പെട്ടാണ് പൈപ്പുകളിലൂടെ ശുദ്ധജലമെത്തിക്കുന്നത്. തീരദേശവാസികൾക്ക് ഒരു ചായപോലും ഉണ്ടാക്കി

കുടിക്കാൻ സാധിക്കാത്ത രീതിയിലുള്ള ഗുരുതരമായ അവസ്ഥയിലൂടെയാണ് കടന്നുപോകുന്നത്. മത്സ്യത്തൊഴിലാളികൾക്ക് വള്ളമിറക്കാൻ സാധിക്കുന്നില്ല. ഈ പ്രദേശങ്ങളിലെ തകർന്നുകിടക്കുന്ന സംരക്ഷണഭിത്തികൾ പുനർനിർമ്മിക്കാനും മറ്റ് പ്രവൃത്തികൾക്കുമായുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. 15-05-2023-ലെ G.O.(Rt)No.458/2023WRD നമ്പർ ഉത്തരവ് പ്രകാരം 4 കോടി 85 ലക്ഷം രൂപയ്ക്ക് തൃപ്പൂണിത്തുറ നിയോജകമണ്ഡലമുൾപ്പെടുന്ന ചില പ്രദേശങ്ങളിൽ സ്ലൂയിസ് നിർമ്മിക്കാനും സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുമുള്ള സാങ്കേതിക അനുമതി ലഭിച്ചിരുന്നു. ഈ പ്രവൃത്തികൾ 9 സ്ഥലങ്ങളിലായി ചിതറിക്കിടക്കുകയാണ്. ഈ പ്രവൃത്തികൾ ഉൾപ്പെടുന്ന ഭൂരിഭാഗം സ്ഥലങ്ങളിലും സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള കല്ലുകൾ ലോറിമാർഗ്ഗം എത്തിക്കാൻ സാധിക്കാത്തതിനാൽ ബോട്ട്, ട്രോളി എന്നിവ ഉപയോഗിച്ച് കല്ലുകൾ എത്തിക്കേണ്ടിവരും. മേൽപ്പരാമർശിച്ചിരിക്കുന്ന പ്രായോഗിക കാരണങ്ങളാൽ പല പ്രാവശ്യം ടെൻഡർ ചെയ്തിട്ടും പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുക്കാൻ കോൺട്രാക്ടർമാർ തയ്യാറാകുന്നില്ല. അതിനാൽ ഈ

പ്രവൃത്തികൾ തുകയിൽ വ്യത്യാസം വരുത്താതെ മൂന്നായി വിഭജിച്ച് ടെൻഡർ ചെയ്യുന്നതിനുള്ള സർക്കാർ അനുമതിക്കായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച ഫയൽ നിലവിൽ ഇറിഗേഷൻ വകുപ്പിൽനിന്നും ധനകാര്യവകുപ്പിലേക്ക് അയച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് എറണാകുളം ജില്ലയിലെ എല്ലാ എം.എൽ.എ.-മാരെയും ജില്ലാകളക്ടറെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെയും ഉൾപ്പെടുത്തി വിളിച്ചുചേർത്ത ഓൺലൈൻ യോഗത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ കുറ്റപ്പെടുത്തുകയല്ല, പ്രസ്തുത യോഗത്തിൽ പല നിർദേശങ്ങളും മുന്നോട്ടുവച്ചുവെങ്കിലും ഇതുവരെ ഒരു തീരുമാനവും ഉണ്ടായിട്ടില്ല. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നമ്മുടെ നിയന്ത്രണത്തിൽ വരുന്നതല്ലെങ്കിലും ഇക്കാര്യത്തിൽ സർക്കാരിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ധനകാര്യവകുപ്പിന്റെ പരിഗണനയിലിരിക്കുന്ന ഈ ഫയലിൽ ഇടപെടുകയും വേഗത്തിൽ തീരുമാനമെടുക്കണമെന്നും അഭ്യർത്ഥിക്കുകയാണ്. ഈ പ്രവൃത്തികൾ മഴക്കാലം

തുടങ്ങിയാൽ ചെയ്യാൻ സാധിക്കില്ലെന്നുള്ളത് ഒരു പ്രശ്നമാണ്. എറണാകുളം നഗരത്തിലെ പ്രധാനപ്പെട്ട പാർപ്പിട പ്രദേശങ്ങളായ ഗിരിനഗർ, പനമ്പള്ളിനഗർ, ജഡ്ജസ് അവന്യൂ എന്നിവിടങ്ങളിലെല്ലാം ഓരുവെള്ളം കയറുന്ന പ്രശ്നമുണ്ട്. ബഹുമാനപ്പെട്ട എറണാകുളം അംഗം ശ്രീ. ടി. ജെ. വിനോദ് ഇതേ വിഷയം സബ്മിഷനായി ഇന്ന് സഭയിൽ ഉന്നയിക്കുന്നുണ്ട്. സമീപ നിയോജകമണ്ഡലങ്ങളായ കരുനാഗപ്പള്ളി, ഹരിപ്പാട് എന്നിവിടങ്ങളിലും ഗുരുതരമായ ഇതേ പ്രശ്നമുണ്ട്. അതുകൊണ്ട് ഈ വിഷയത്തിൽ താൽക്കാലിക പരിഹാരമെന്നുള്ള നിലയിൽ തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന പ്രദേശങ്ങളിലെ പ്രവൃത്തികൾക്കായി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. ഇക്കാര്യത്തിൽ ശ്വാശത പരിഹാരങ്ങൾക്കുള്ള നടപടികളും സർക്കാർ സ്വീകരിക്കേണ്ടതുണ്ട്. കായലുകളിൽ അടിഞ്ഞുകൂടിയ എക്കൽ നീക്കം ചെയ്യാത്ത പ്രധാനപ്പെട്ട പ്രശ്നത്തിനും സാധ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നത്. വേമ്പനാട് കായലിലേക്ക് ഒഴുകിയെത്തുന്ന പെരിയാർ, പമ്പ, മീനച്ചിൽ, മണിമല, അച്ചൻകോവിൽ എന്നീ പ്രധാന നദികളിൽനിന്നും വലിയ അളവിലുള്ള Silt-ഉം debris-ഉം കായലിൽ എത്തിച്ചേരുന്നു. 2018-ലെ വെള്ളപ്പൊക്കം കായലിന്റെ ഹൈഡ്രോളിക് കാര്യക്ഷമത കുറച്ചു. തന്മൂലം കാലവർഷത്തോടനുബന്ധിച്ചുള്ള അമിത ജലപ്രവാഹത്തെ വഹിക്കാൻ വേമ്പനാട് കായലിനും ഇതിന്റെതന്നെ ഭാഗമായ ഉൾനാടൻ കായലുകൾക്കും സാധിക്കാതെ വരുന്നു. അത് അനിയന്ത്രിതമായ വെള്ളക്കെട്ടിനും പ്രദേശവാസികളിൽ ആരോഗ്യപ്രശ്നങ്ങൾക്കും കാരണമായിട്ടുണ്ട്. വേലിയേറ്റ സമയത്ത് ഒഴുകിയെത്തുന്ന ജലപ്രവാഹം വേലിയിറക്കത്തോടുകൂടി ഒഴുകി മാറുന്നതിന് ഇത്തരത്തിൽ വിവിധ പ്രദേശങ്ങളിൽ അടിഞ്ഞുകൂടിയ എക്കൽ തടസ്സം സൃഷ്ടിക്കുന്നു. കൂടാതെ, കായൽ തീരങ്ങളിലെ അനിയന്ത്രിതമായ ഭൂമി നികത്തൽ, കൈയേറ്റങ്ങൾ എന്നിവയും ജലപാതകളുടെ വീതി കുറച്ചിരിക്കുന്നു.

തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലുൾപ്പെടുന്ന ഇടക്കൊച്ചി, പെരുമ്പടപ്പ്, കുമ്പളങ്ങി, കമ്പളം തുടങ്ങി വിവിധ പ്രദേശങ്ങളിൽ കാലാകാലങ്ങളായി അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന രൂക്ഷമായ വെള്ളക്കെട്ടിനും അനുബന്ധ പ്രശ്നങ്ങൾക്കും ശാശ്വത പരിഹാരം ഉണ്ടാക്കുന്നതിനായി മേൽസ്ഥലങ്ങളിലെ കായലുകൾക്ക് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനും എക്കൽ നീക്കി ആഴം വർധിപ്പിക്കുന്നതിനും സ്ലൂയിസ് നിർമ്മിക്കുന്നതിനുംവേണ്ടി വിഭാവനം ചെയ്ത പ്രവൃത്തിക്ക് 15-05-2023-ലെ GO (Rt) No.458/2023/WRD നമ്പർ ഉത്തരവ് പ്രകാരം 4.85 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും 02-02-2024-ൽ സാങ്കേതികാനുമതി നല്കിയിട്ടുള്ളതുമാണ്. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള ബുദ്ധിമുട്ട് പരിഗണിച്ച് Location base ചെയ്ത് മൂന്ന് പ്രവൃത്തികളാക്കി വിഭജിച്ച് തയ്യാറാക്കിയ 4.85 കോടി രൂപയുടെ എസ്റ്റിമേറ്റും അനുബന്ധ വിവരങ്ങളും അടങ്ങിയ വിശദമായ പദ്ധതി റിപ്പോർട്ട് ഭരണാനുമതി പുനഃക്രമീകരിച്ച്

നൽകുന്നതിനായി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയും വളരെ ഗൗരവപൂർവമായി കാണുന്നതുമാണ്. നിലവിൽ ഫയൽ ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്. എത്രയുംവേഗം അനുമതി ലഭ്യമാക്കി പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വേമ്പനാട് കായലിന്റെ വിവിധ പ്രദേശങ്ങളിലായി ഏകദേശം 50 ലക്ഷം $m^3$ ചെളിയും/എക്കലും നീക്കം ചെയ്യേണ്ടതുണ്ട്. അതിൽ വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ റെയിൽ പാലത്തിന്റെ സമീപത്തായി മാത്രം (1 km U/S & 2 km D/S) 25.15 ലക്ഷം $m^3$ ചെളിയും/എക്കലും നീക്കം ചെയ്യേണ്ടതുണ്ട്. പ്രസ്തുത സ്ഥലത്തെ 257.50$m^3$ എക്കലും/ചെളിയും അടിയന്തരമായി നീക്കം ചെയ്യുന്നതിന് ടേൺകീ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്.

ഇടക്കൊച്ചി അരൂർ ബ്രിഡ്ജ് മുതൽ പെരുമ്പടപ്പ് കുമ്പളങ്ങി ബ്രിഡ്ജ് വരെയുള്ള ഭാഗത്ത് ഏകദേശം 2362.50 $m^3$ -ഉം, പെരുമ്പടപ്പ് കുമ്പളങ്ങി ബ്രിഡ്ജ് മുതൽ കണ്ണമാലി സൈഡ് വരെ ഏകദേശം 1125.00 $m^3$ -ഉം എക്കലും ചെളിയും നീക്കം ചെയ്യേണ്ടതുണ്ട്. പ്രസ്തുത പ്രവൃത്തികളും ടേൺകീ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. എന്നാൽ 28-11-2024-ലെ സർക്കാർ ഉത്തരവ് (കൈ) നം.7/2024/CSND പ്രകാരം വേമ്പനാട് കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ട പ്രദേശത്തുനിന്നും സ്പോയിൽ ഡ്രഡ്ജ് ചെയ്തെടുത്ത് ദേശീയപാത-66-ന്റെ വികസനത്തിന് ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രദേശം ദേശീയ ജലപാതയുടെ ഫീഡർ ചാനൽ ആയതിനാൽ ടി സർക്കാർ ഉത്തരവ് മാതൃകയാക്കി മേൽപ്പറഞ്ഞ കായൽ പ്രദേശത്തെ അമിതമായി അടിഞ്ഞുകൂടിയ എക്കലും ചെളിയും ഡ്രഡ്ജ് ചെയ്ത് സമാനരീതിയിൽ NHAI-യുടെ പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്താവുന്നതാണോ എന്ന വിഷയം സർക്കാർ

പരിശോധിച്ചുവരുന്നു. കൂടാതെ 2025-26 ബജറ്റിൽ ക്രമനമ്പർ 442-ൽ ഉൾപ്പെടുത്തി വടുതല-ചിറ്റൂർ-മറൈൻഡ്രൈവ് കായലുകളിൽ ഡ്രഡ്ജ് ചെയ്ത് ചെളി നീക്കം ചെയ്ത് കായൽ ഗതാഗതത്തിനും നഗരത്തിലെ വെള്ളക്കെട്ടിനും പരിഹാരം കാണുന്നതിനുള്ള പ്രവൃത്തിക്കായി 20 ശതമാനം പദ്ധതി വിഹിതത്തോടെ തുകയായി 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

വേലിയേറ്റംമൂലമുള്ള വെള്ളപ്പൊക്കം വൈപ്പിൻ മേഖലയിലെ ഞാറയ്ക്കൽ, നായരമ്പലം, എടവനക്കാട്, കുഴിപ്പിള്ളി പഞ്ചായത്തുകളിലെ വീടുകളിലും നിരത്തുകളിലും വെള്ളം കയറുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ട്. തോടുകളുടെ സംരക്ഷണ ഭിത്തികൾ ഉയർത്തിയും കായൽ പ്രദേശങ്ങളിൽ അമിതമായി അടിഞ്ഞുകൂടിയ എക്കൽ നീക്കം ചെയ്യുകയും ചെയ്യുന്നതുവഴി പ്രശ്നങ്ങൾക്ക് പരിഹാരമാവുന്നതാണ്. കായൽതീരങ്ങളിൽ സ്പോയിൽകൊണ്ട് ബണ്ട് പിടിപ്പിക്കുകവഴി വേലിയേറ്റം കരപ്രദേശങ്ങളിലേക്ക് കയറുന്നത് തടയാൻ സാധിക്കും. 2022 ഓപ്പറേഷൻ വാഹിനിയിൽ ഉൾപ്പെടുത്തി എടവനക്കാട്

പഞ്ചായത്തിൽ 2.548 ലക്ഷം രൂപയുടെയും, നായരമ്പലം പഞ്ചായത്തിൽ 2.492 ലക്ഷം രൂപയുടെയും, പള്ളിപ്പുറം പഞ്ചായത്തിൽ 11.517 ലക്ഷം രൂപയുടെയും, കുഴിപ്പിള്ളി പഞ്ചായത്തിൽ 5.84 ലക്ഷം രൂപയുടെയും ഡീസിൽറ്റേഷൻ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. 2023 ഓപ്പറേഷൻ വാഹിനിയിൽ ഉൾപ്പെടുത്തി തോടുകളുടെ പുനരുജ്ജീവനത്തിനായി ഞാറക്കൽ പഞ്ചായത്തിൽ 32.44 ലക്ഷം രൂപയുടെയും, എളങ്കുന്നപ്പുഴ പഞ്ചായത്തിൽ 4.386 ലക്ഷം രൂപയുടെയും നായരമ്പലം പഞ്ചായത്തിൽ 5.278 ലക്ഷം രൂപയുടെയും പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. 2024 ഓപ്പറേഷൻ വാഹിനിയിൽ ഉൾപ്പെടുത്തി ഞാറക്കൽ പഞ്ചായത്തിൽ 6.272 ലക്ഷം രൂപയുടെയും എടവനക്കാട് പഞ്ചായത്തിൽ 7.459 ലക്ഷം രൂപയുടെയും ഡീസിൽറ്റേഷൻ പ്രവൃത്തി ചെയ്തിട്ടുണ്ട്.

വൈപ്പിൻ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ പുഴകളുടെയും ചെറുതോടുകളുടെയും എക്കൽ നീക്കി ആഴം കൂട്ടുന്നതിനും പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനുമായി നവകേരള സദസ്സ്, തീര സദസ്സ്

എന്നിവയിൽ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ 1,684 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എളങ്കുന്നപ്പുഴ പഞ്ചായത്തിൽ വരുന്ന ആർ.എം.പി തോടിന്റെ പാർശ്വ സംരക്ഷണഭിത്തി കെട്ടുന്നതിനും എക്കലും ചെളിയും നീക്കം ചെയ്യുന്നതിനുമുള്ള 600.13 ലക്ഷം രൂപയുടെ ഡി.പി.ആർ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട എറണാകുളം എം.പി.-യും ജില്ലയിലെ എം.എൽ.എ.-മാരും ഉൾപ്പെടെയുള്ളവരുടെ ഒരു യോഗം ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി വിളിച്ചുചേർക്കുകയും പ്രസ്തുത യോഗത്തിൽ കാര്യക്ഷമമായി നടന്ന ചർച്ചയിലെ രണ്ട് പ്രധാനപ്പെട്ട കാര്യങ്ങളിൽ ഒന്ന് നീക്കം ചെയ്യുന്ന എക്കലും ചെളിയും ദേശീയപാതാ നിർമ്മാണത്തിനായി NHAI-യ്ക്ക് നൽകാൻ കഴിയുമോയെന്നുള്ളതും, മറ്റൊന്ന് ചെല്ലാനത്തെ ടെട്രാപോഡ് കടൽഭിത്തിക്ക് സമീപം കൃത്രിമ ബീച്ച് നിർമ്മിക്കാൻ സാധിക്കുമോയെന്നുള്ളതുമാണ്. ഇതിന്റെ ഭാഗമായി ഇക്കാര്യങ്ങൾ പരിശോധിച്ച് തീർച്ചയായും നടപ്പാക്കാൻ സാധിക്കുമെന്നുമാണ് കണക്കാക്കുന്നത്. വീടുകളിൽ വെള്ളം കയറി നാശനഷ്ടങ്ങളുണ്ടായ

അതിരൂക്ഷമായ അവസ്ഥയാണ് ഈ മേഖലകളിൽ ഉണ്ടായിട്ടുള്ളത്. ഇത്തരം സന്ദർഭങ്ങളിൽ അവർക്ക് നഷ്ടപരിഹാരം നൽകാൻ കഴിയുമോയെന്നുള്ളതിനെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കി നൽകുന്നതിനായി പ്രസ്തുത യോഗത്തിൽ തഹസീദാരെ ചുമതലപ്പെടുത്തുകയുമുണ്ടായി. കൂടാതെ ഓരുവെള്ളം കയറിയ പഞ്ചായത്തുകളിൽ ആരോഗ്യപ്രശ്നങ്ങൾ രൂപപ്പെട്ടതിനാൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുന്ന കാര്യത്തിലും യോഗത്തിൽ തീരുമാനമെടുക്കുകയുണ്ടായി. പ്രസ്തുത യോഗതീരുമാനങ്ങളും കൂടിയുൾപ്പെടുത്തി ഇതിന്റെ ഭാഗമായി കണ്ടുകൊണ്ട് ആവശ്യമായ പരിശോധനകൾ നടത്തി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ച ഫയൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിച്ച് അതിൽ അടിയന്തരമായി തീരുമാനമെടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് എ.എസ്. തുകയിൽ മാറ്റമില്ലാതെയാണ് വർക്ക് മൂന്നായി സ്പ്ലിറ്റ് ചെയ്തിട്ടുള്ളത്. നിരവധി തവണ ടെൻഡർ വിളിച്ചിട്ടും കോൺട്രാക്ടർമാർ ആരും പ്രവൃത്തിയേറ്റെടുക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കേണ്ടതിന്റെ ആവശ്യകതകൂടി പരിഗണിച്ചുകൊണ്ട് അത് ലഭിക്കുന്നതിനാവശ്യമായ റിപ്പോർട്ടോടുകൂടിയാണ് ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുള്ളത്. അക്കാര്യം വകുപ്പുതന്നെ ഫോളോ അപ് ചെയ്യുന്നതാണ്. ഈ നിലയിൽത്തന്നെ വർക്കുകൾ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.